**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4007** **27-10-2021 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടത്തുന്ന ഓഡിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ ഏതെല്ലാം തരത്തിലുള്ള ഓഡിറ്റ് ആണ് നടത്തിവരുന്നത്; | (എ) | കേരള സംസ്ഥാന ഓഡിറ്റ് , കൺകറൻറ് ഓഡിറ്റ് , അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് , ധനകാര്യ പരിശോധനാ ഓഡിറ്റ് , സ്റ്റോർ പർച്ചേയ്സ് ഓഡിറ്റ് , പെർഫോമൻസ് ഓഡിറ്റ് , സോഷ്യൽ ഓഡിറ്റ് എന്നീ ഓഡിറ്റ് നടത്തിവരുന്നു. |
| (ബി) | തിരുവനന്തപുരം കോർപ്പറേഷനിലെ അഴിമതി കണ്ടെത്തിയ പോലെ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതി ഓഡിറ്റ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 1. കൊച്ചി കോർപ്പറേഷന്റെ മട്ടാഞ്ചേരി സോണൽ ഓഫീസിൽ ടൗൺ ഹാൾ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥൻ വ്യാജ സംഖ്യാ രസീത് നമ്പർ എഴുതി ചേർത്തും കാലഹരണപ്പെട്ട രസീതുകൾ ഉപയോഗിച്ചും 6,81,272/- രൂപ അപഹരിച്ചതായി ഓഡിറ്റ് വിഭാഗം കണ്ടെത്തി. നഗരകാര്യ ഡയറക്ടറുടെ 08/11/2019 ലെ വി 3-21991/2019 ഉത്തരവ് പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥനെ 08/11/2019 - ൽ സസ്പെൻറ് ചെയ്യുകയും മട്ടാഞ്ചേരി പോലീസ് സ്റേഷനിൽ Cr.No.1170/2019 ആയി കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 2. കോഴിക്കോട് നഗരസഭയുടെ 2019-2020 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ബേപ്പൂർ സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ ജനകീയാസൂത്രണ പദ്ധതികളുടെ പരിശോധനയിൽ 2020-2021 വർഷം മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ "കാടയും കൂടും" പ്രോജക്ടുമായി ബന്ധപ്പെട്ട് ഗുണഭോക്തൃ വിഹിതമിനത്തിൽ 01/12/2020 മുതൽ 08/12/2020 വരെ പിരിച്ചെടുത്ത 1,42,500/- രൂപയും, ബേപ്പൂർ നല്ലളം വെറ്ററിനറി ഹോസ്പിറ്റലുകളിൽ നിന്നും പിരിച്ചെടുത്തിട്ടുള്ള തുകകളും ഉൾപ്പെടെ ആകെ 3,41,250/- രൂപയുടെ വരവ് ക്യാഷ് ബുക്കിലോ സബ്സിഡിയറി ക്യാഷ് ബുക്കിലോ രജിസ്റ്ററിലോ രേഖപ്പെടുത്തുകയോ നഗരസഭാ ഫണ്ടിൽഒടുക്കു വരുത്തുകയോ ചെയ്തിട്ടില്ലെന്ന് കണ്ടെത്തുകയുണ്ടായി. ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് അന്നേ ദിവസം |

| | | | |
|---|---|---|---|
| | | | നഗരസഭാ ഫണ്ടിൽ തുക ഈടാക്കി. മേൽപ്പറഞ്ഞതു കൂടാതെ രസീതു ബുക്കുകളിലെ രേഖപ്പെടുത്തലുകളിൽ ധാരാളം വെട്ടിത്തിരുത്തലുകൾ വരുത്തുന്നതായും ബുക്കുകളുടെ ക്രമനമ്പർ കൃത്യമായി രേഖപ്പെടുത്താത്തതായും ഓഡിറ്റ് വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. ടി ക്രമക്കേടുകൾക്ക് പരിഹാര നടപടി സ്വീകരിച്ച് അറിയിക്കുന്നതിനായി വിവരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. 3. തിരുവനന്തപുരം ജില്ലയിലെ നേമം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 ഓഡിറ്റിൽ സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. 4. പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമ-പഞ്ചായത്തിന്റെ 2018-2019 വർഷത്തെ ഓഡിറ്റിൽ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ സഞ്ചയത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. 5. മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറം ഗ്രാമ-പഞ്ചായത്ത് 2018-2019 വർഷത്തെ ഓഡിറ്റിൽ വസ്തു നികുതി ഈടാക്കിയത് സംബന്ധിച്ച് ക്രമക്കേട് നടന്നതായി ബോധ്യപ്പെടുകയും നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 6. കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ പണാപഹരണവുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് നിലവിലുണ്ട്. 7. നെൻമേനി ഗ്രാപഞ്ചായത്തിൽ ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാതെ കൈവശം വച്ചത് സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ട്. 8. ഉദുമ ഗ്രാമപഞ്ചായത്തിൽ രസീതു ബുക്ക് ഉപയോഗിച്ച് പിരിച്ചെടുത്ത തുക ഗ്രാമപഞ്ചായത്തു ഫണ്ടിൽ അടവാക്കാത്തത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൻമേൽ ക്രിമിനൽ കേസ് നിലവിലുണ്ട്. |
| (സി) | ഇത്തരത്തിലുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കുന്നതിനായി നിയമപരമായ നടപടികൾ കർശനമാക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (സി) | നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിത്തന്നെ ടി ക്രമക്കേടുകളെ ഗുരുതരമായി കാണുകയും പഴുതടച്ചുള്ള അന്വേഷണങ്ങളും റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള അച്ചടക്ക നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ